**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 319** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭവന രഹിതരായ എല്ലാ പേർക്കും വീട് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന ലൈഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭവന രഹിതരായ എല്ലാ പേർക്കും വീട് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന ലൈഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതി സമയബന്ധിതമായി വിലയിരുത്താറുണ്ട്. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന /കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്.<br><br>2,96,487 വീടുകളുടെ നിർമ്മാണം 20.06.2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം സംബന്ധിച്ച വിശദാംശം നൽകാമോ; നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷത്തി ആറായിരം വീടുകളും രണ്ടായിരത്തി തൊള്ളായിരത്തി അൻപത് ഫ്ലാറ്റുകളും നിർമ്മിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | 2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 9,20,260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 6,47,092 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 2,73,168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 3,79,069 ഭൂമിയുള്ള ഭവനരഹിതരും 2,02,620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ ആരുംതന്നെ ഉൾപ്പട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുന:പരിശോധന നടത്തുകയുണ്ടായി. അതിൻപ്രകാരം 3,28,041 ഭൂമിയുള്ള ഭവനരഹിതരും |

| | | | |
|---|---|---|---|
| | | | 1,86,340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്ക് ശേഷം വാർഡ്സഭ/ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>ലൈഫ് സമ്പൂർണ്ണ പദ്ധതിയുടെ മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി നിർമ്മാണം പുരോഗമിക്കുന്ന 39 ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിലൂടെ 1021 കുടുംബങ്ങൾക്ക് ഫ്ളാറ്റുകൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ നഗരം ലൈഫ് പദ്ധതിയിലൂടെ പൂർത്തീകരിക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ? | (സി) | പിഎംഎവൈ (നഗരം) - ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്കായുള്ള ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണ ഘടകത്തിൽ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള 50,678 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കും. കൂടാതെ 20,000 ഗുണഭോക്താക്കൾക്ക് കൂടി അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് മേൽ ഗുണഭോക്താക്കളുടെ കൂടി ഭവനങ്ങൾ പൂർത്തിയാക്കുന്നതാണ്.ഭൂരഹിത-ഭവന രഹിതർക്കായി 11 നഗരസഭകളിൽ ഭവന സമുച്ചയ നിർമ്മാണത്തിന് അംഗീകാരം ലഭ്യമാക്കിയ 970 യൂണിറ്റുകളിൽ പൂർത്തിയായ 288 യൂണിറ്റുകൾ കഴിഞ്ഞ് ബാക്കിയുള്ള 682 യൂണിറ്റുകളുടെ നിർമ്മാണവും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ